B

505

# സമഗ്ര ശിക്ഷ, കേരളം

# വാർഷിക മൂല്യനിർണയം 2018-19

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലേയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

പ്രവർത്തനം - 1

- **വെങ്കലയുഗ സംസ്കാര കേന്ദ്രങ്ങൾ നദീതടങ്ങളിലാണ് വികാസം പ്രാപിച്ചത്.**

എ) പട്ടികപൂർത്തിയാക്കുക.

| സംസ്കാരത്തിന്റെ പേര് | നിലനിന്നിരുന്ന നദീതടം | സവിശേഷതകൾ |
|---|---|---|
| മെസോപ്പൊട്ടേമിയ | .................. | സിഗുറാത്തുകൾ |
| .................. | നൈൽ നദീതടം | ഹൈറോഗ്ലിഫിക്സ് |
| ചൈനീസ് | ഹൊയാങ്ഹോ നദീതടം | .................. |

ബി) നവീനശിലായുഗത്തിൽ നിന്ന് വെങ്കലയുഗത്തിലെത്തിയപ്പോൾ മനുഷ്യജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളുണ്ടായി? പട്ടികപ്പെടുത്തുക.

പ്രവർത്തനം - 2

- **ഭൂമിയിലെ വൈവിധ്യവും വിഭവസമ്പത്തും കാത്തു സൂക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്.**

ഹിമാലയത്തിൽ ക്രമാതീതമായി മഞ്ഞ് ഉരുകുന്നു.

ധ്രുവക്കരടി, പെൻഗ്വിൻ തുടങ്ങിയ ജീവജാലങ്ങളുടെ നിലനില്പ് അപകടാവസ്ഥയിൽ

കാലാവസ്ഥാവ്യതിയാനം: ദേശാടനക്കിളികളുടെ വരവ് കുറയുന്നു

എ) മനുഷ്യരുടെ ഇടപെടലുകൾ കാലാവസ്ഥാവ്യതിയാനത്തിന് എങ്ങനെയെല്ലാം കാരണമാകുന്നു? വിശദീകരിക്കുക.


exam WINNER

ബി) 'മൈത്രി', 'ഭാരതി' എന്നീ ഇന്ത്യൻ ഗവേഷണ കേന്ദ്രങ്ങൾ ഏതു വൻകരയിൽ സ്ഥിതി ചെയ്യുന്നു?

**പ്രവർത്തനം – 3**

- **ബി.സി. 1500 മുതൽ 600 വരെയുള്ള കാലഘട്ടം വേദകാലം എന്നറിയപ്പെടുന്നു.**

എ) വേദകാലഘട്ടത്തിലെയും പിൽക്കാലവേദകാലഘട്ടത്തിലെയും വിവരങ്ങൾ ഉൾപ്പെടുത്തി ഫ്ളോചാർട്ട് പൂർത്തിയാക്കുക.




ബി) ഋഗ്വേദകാലഘട്ടത്തെ ജനജീവിതത്തിൽ കന്നുകാലി വളർത്തലിനുള്ള പ്രാധാന്യം എന്തായിരുന്നു? വിശദമാക്കുക.

**പ്രവർത്തനം – 4**

- **മഗധ കേന്ദ്രമാക്കി വളർന്നുവന്ന മൗര്യരാജവംശത്തിലെ പ്രധാന രാജാവായിരുന്നു അശോകൻ.**



എ) ദേശീയമുദ്ര നിങ്ങൾ എവിടെയെല്ലാം കണ്ടിട്ടുണ്ട്?

ബി) അശോകചക്രവർത്തി ബുദ്ധമതം സ്വീകരിക്കാനിടയായ സംഭവമേത്?

സി) ലോകത്ത് ഇന്നും യുദ്ധങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ജനങ്ങളിൽ യുദ്ധവിരുദ്ധ മനോഭാവം സൃഷ്ടിക്കാനുതകുന്ന ഒരു പോസ്റ്റർ തയാറാക്കുക.

**പ്രവർത്തനം – 5**

- **ജനാധിപത്യം ഒരു ഭരണക്രമം എന്നതുപോലെ ഒരു ജീവിതരീതികൂടിയാണ്.**

എ) താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ജനാധിപത്യജീവിതരീതിക്ക് അനുയോജ്യമായ പ്രസ്താവനകൾ തിരഞ്ഞെടുത്തെഴുതുക.

- സീബ്രാലൈനിൽ കൂടി മാത്രമല്ല ഞാൻ റോഡ് മുറിച്ച് കടക്കാറുള്ളത്.
- പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ ഞാൻ ശ്രമിക്കാറുണ്ട്.
- ഊഴം കാത്ത് നിൽക്കാതെ ഞാൻ ആവശ്യങ്ങൾ സാധിക്കാറുണ്ട്.
- ലൈബ്രറി പുസ്തകം കൃത്യസമയത്ത് മടക്കി നൽകാറുണ്ട്.

ബി) ജനാധിപത്യത്തെ നിലനിറുത്തുന്നതിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം – 6**

- **കേരളത്തിൽ ഓരോ ഭൂപ്രകൃതി വിഭാഗത്തിനും അനുയോജ്യമായ ഗതാഗതമാർഗങ്ങളാണ് രൂപപ്പെട്ടിട്ടുള്ളത്.**

എ) ദേശീയപാതകൾ ഏറ്റവും കൂടുതലായി കടന്നുപോകുന്ന ഭൂപ്രകൃതി വിഭാഗം ഏത്?

ബി) സമുദ്രമാർഗത്തിലൂടെ എത്തിച്ചേരാൻ സാധിക്കാത്ത ജില്ല ഏത്
(എ) കാസർഗോഡ് (ബി) വയനാട് (സി) കോഴിക്കോട് (ഡി) മലപ്പുറം

സി) കേരളത്തിന്റെ തീരപ്രദേശത്ത് ജലഗതാഗത മാർഗത്തിന് ഏറെ പ്രാധാന്യമുണ്ട്. വിശദീകരിക്കുക.

**പ്രവർത്തനം – 7**

- **ഇന്ത്യയുടെ ഭൂപ്രകൃതി വൈവിധ്യങ്ങൾ നിറഞ്ഞതാണ്.**

എ) ഇന്ത്യയുടെ ചില ഭൂപ്രകൃതി വിഭാഗങ്ങളും അവയുടെ സവിശേഷതകളുമാണ് താഴെ തന്നിരിക്കുന്നത്. അവയെ അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക.

| ഭൂപ്രകൃതി വിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| ♦ മരുഭൂമികൾ | ♦ ചുറ്റുമുള്ള പ്രദേശങ്ങളേക്കാൾ ഉയർന്നതും മുകൾഭാഗം ഏറെക്കുറെ നിരപ്പായതുമായ പ്രദേശം. |
| ♦ പർവതങ്ങൾ, | ♦ കണ്ണെത്താദൂരത്തോളം വ്യാപിച്ചു കിടക്കുന്ന മണൽക്കൂനകൾ. |
| ♦ പീഠഭൂമികൾ | ♦ അനേകം നദികൾ ഇവിടെ നിന്നും ഉത്ഭവിക്കുന്നു. |

ബി) സിന്ധു ഗംഗാ ബ്രഹ്മപുത്ര സമതലങ്ങൾ 'ഇന്ത്യയുടെ ഭക്ഷ്യകലവറ' എന്ന് അറിയപ്പെടുന്നു എന്തുകൊണ്ട്?

**പ്രവർത്തനം – 8**

- **കുന്നുകളും നദികളും കായലുകളും കടൽത്തീരവും കൊണ്ട് അനുഗ്രഹീതമായ നാടാണ് കേരളം.**

എ) കേരളത്തിന്റെ രൂപരേഖയിൽ താഴെപ്പറയുന്ന സവിശേഷതകൾ ഉള്ള ജില്ലകൾ രേഖപ്പെടുത്തുക. (ഉത്തരങ്ങളായി വരുന്ന ഭൂപ്രദേശത്തിന്റെ ചിത്രത്തിനുള്ളിൽ അതാതു ചോദ്യത്തിന്റെ ക്രമനമ്പർ നൽകുക.)

i സമുദ്രസാമീപ്യമില്ലാത്തതും അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടാത്തതുമായ ജില്ല.
ii ശാസ്താംകോട്ട തടാകം സ്ഥിതി ചെയ്യുന്ന ജില്ല.
iii തമിഴ്നാടും കർണാടകയുമായി അതിർത്തി പങ്കിടുന്ന ഏക ജില്ല.
iv ഏറ്റവു ചെറിയ ജില്ല
v ഏറ്റവും കൂടുതൽ അണക്കെട്ടുകളുള്ള ജില്ല.